ഉത്തരം

(എ) നാഫെഡ് വഴി പച്ചത്തേങ്ങ സംഭരണത്തിന് കേന്ദ്ര വിഹിതം ലഭ്യമാകുന്നില്ല. പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നൽകുന്നത് താങ്ങുവില നൽകി നാഫെഡ് സംഭരിക്കുകയാണ് ചെയ്യുന്നത്. സംഭരണം കാര്യക്ഷമമായി നടക്കുന്നുണ്ട്.

(ബി) കൺസ്യൂമർ ഫെഡ് ഇതുവരെ - 3752.50 ടൺ
സംഭരിച്ച പച്ചത്തേങ്ങ

കൊപ്രയാക്കി നാഫെഡിന് നൽകിയത് - 673.90 ടൺ

(സി) കേരഫെഡ് മുഖേന സഹകരണ സംഘങ്ങളിലൂടെ പച്ചത്തേങ്ങ സംഭരണം നടത്തുന്നുണ്ട്. മാർക്കറ്റ്ഫെഡിന്റെ ചില ഏജന്റ് സൊസൈറ്റികൾ പച്ചത്തേങ്ങ സംഭരിച്ച് സംസ്കരിച്ച് കൊപ്രയാക്കി നൽകുന്നുണ്ട്.

(ഡി) ഇത്തരം ഒരു അവസ്ഥയെപ്പറ്റി കൺസ്യൂമർഫെഡ് അറിയിച്ചിട്ടുണ്ട്.

(ഇ) വാടക അടിസ്ഥാനത്തിൽ 21 ഡ്രയർ ഈ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) കൂടുതൽ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

തെങ്ങിന്റെ കൂമ്പ് ചീയൽ രോഗം

228 (4310) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങിന്റെ കൂമ്പ് ചീയൽ രോഗം നിയന്ത്രിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ ഇതിന് ഈ വർഷം എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്നും എത്ര രൂപ കർഷകർക്ക് നൽകി എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കേരശ്രീ പദ്ധതി പ്രകാരം രൂപീകരിക്കുന്ന ക്ലസ്റ്ററുകളിലെ തെങ്ങുകൾക്ക് സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി കൂമ്പ് ചീയൽ ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തെങ്ങിൻ തൈ നടുന്ന പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതിക്കു സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി 20 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി തുടങ്ങുന്നതേയുള്ളൂ. മുൻപൊരവസരത്തിൽ 393 ലക്ഷം രൂപയുടെ ഒരു പദ്ധതിയും ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly